സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ. ഒ. സി നം.11955/20/എൻ എസ് ദേവസ്വം ബോർഡ് ആഫീസ്,
തിരുവനന്തപുരം, 27.01.2021.

## സർക്കുലർ

വിഷയം :- തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ നിലവാരമുള്ള വിളക്കെണ്ണയും പരുത്തി കൊണ്ടുള്ള തിരശ്ശീലയും ഉപയോഗിക്കുന്നത് സംബന്ധിച്ച്.

പുനലൂർ ഗ്രൂപ്പിൽപ്പെട്ട ആര്യങ്കാവ് ദേവസ്വത്തിൽ തൃക്കല്യാണ ചടങ്ങുകൾ സംബന്ധിച്ച് 27-12-2020-ൽ മാതൃഭൂമി പത്രത്തിൽ പ്രസിദ്ധീകരിച്ച വാർത്തയോടൊപ്പമുള്ള ചിത്രത്തിൽ നിലവിളക്ക് കരിപുരണ്ട് ഇരിക്കുന്നതായി കാണുന്നുവെന്നും നിലവാരമില്ലാത്ത വിളക്കെണ്ണ ഉപയോഗിക്കുന്നതിനാലും, സിന്തറ്റിക്ക് തുണി കൊണ്ടുള്ള തിരശ്ശീല ഉപയോഗിക്കുന്നതിനാലുമാണ് ഇപ്രകാരം സംഭവിക്കുന്നതെന്നും വിവരിച്ച് ഒരു ഭക്തൻ പരാതി സമർപ്പിച്ചിട്ടുള്ളതാണ്.

പ്രസ്തുത വിഷയം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്ത് ചുവടെ വിവരിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു,

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ വിളക്കുകൾ കത്തിക്കുന്നതിന് നിലവാരമുള്ള എണ്ണയും, പരുത്തികൊണ്ടുള്ള തിരിയും ഉപയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് ബോർഡുത്തരവാകുന്നു.

ഈ നിർദ്ദേശം പാലിക്കപ്പെടുന്നു എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണെന്ന വിവരവും അറിയിക്കുന്നു.

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-
1. ദേവസ്വം കമ്മീഷണർ
2. ഫിനാൻസ് കമ്മീഷണർ
3. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
4. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
5. P.S to President
6. P.S to Member 1
7. P.S to Member 11
8. ഇ.ഡി.പി
9. മിനിട്സ്
10. സെക്ഷൻ ഫയൽ
11. ആഫീസ് കോപ്പി

അംഗീകാരത്തോടെ

Jessy

അസിസ്റ്റന്റ് സെക്രട്ടറി